(സി) സമുദ്ര മത്സ്യസമ്പത്തിന്റെ കാര്യക്ഷമമായ മാനേജ്മെന്റിലുൾപ്പെടുന്ന പ്രധാന ഘടകങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും ഉതകുന്നതരത്തിൽ കെ.എം.എഫ്.ആർ. ആക്ടും റൂളും കാര്യക്ഷമമായി നടപ്പിലാക്കുക, വിവിധ മത്സ്യവർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസവ്യവസ്ഥകൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുക, കടൽ മലിനീകരണം നിയന്ത്രിക്കുക, അശാസ്ത്രീയ മത്സ്യബന്ധന രീതികൾ നിയന്ത്രിക്കുകയോ നിരോധിക്കുകയോ ചെയ്യുക തുടങ്ങിയവയാണ് സമുദ്ര മത്സ്യസമ്പത്തിന്റെ കാര്യക്ഷമമായ മാനേജ്മെന്റിലുൾപ്പെടുന്ന പ്രധാന ഘടകങ്ങൾ.

(ഡി) ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ, ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിൽ എന്നിവ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മത്സ്യത്തൊഴിലാളികളുടെ ദുരിതം

261 (3967) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലാവസ്ഥാ മുന്നറിയിപ്പിലെ കൃത്യതയില്ലായ്മ കാരണം കടലിൽ പോകാൻ കഴിയാതെ മത്സ്യത്തൊഴിലാളികൾ ദുരിതത്തിലാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കാലാവസ്ഥാ മുന്നറിയിപ്പുകൾ കൃത്യമായി മത്സ്യത്തൊഴിലാളികൾക്ക് എത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളി മേഖലയിലെ പ്രതിസന്ധി

262 (3968) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അശാസ്ത്രീയമായ ട്രോളിംഗ് നിരോധനവും കാലവർഷവും മത്സ്യത്തൊഴിലാളി മേഖലയിൽ കടുത്ത പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് മൺസൂൺ കാലത്ത് ട്രോളിംഗ് നിരോധനം നടപ്പിലാക്കിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly